പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5376

5.7.2012 ൽ
മറുപടിയ്ക്ക്

## കണ്ണൂർ, കാസർഗോഡ് ഐ.ടി. പാർക്കുകളുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ ;<br>ശ്രീ. കെ.കെ. നാരായണൻ ;<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) ;<br>ശ്രീ. റ്റി.വി. രാജേഷ് ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) കണ്ണൂർ, കാസർഗോഡ് ഐ.ടി. പാർക്കുകൾക്കായി മുൻ സർക്കാരിന്റെ കാലത്ത് എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുത്തിരുന്നതെന്നും ഈ പാർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ ; | എ) കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്ക് എരമം കുറ്റൂർ വില്ലേജിൽ 25.64 ഏക്കർ ഭൂമി സൈബർപാർക്ക് സ്ഥാപിക്കുന്നതിനായി KSITIL ന് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭൂമിയിലേയ്ക്കുള്ള അപ്രോച്ച് റോഡിന് വേണ്ടിയുള്ള 80 സെന്റ് സ്ഥലം ഇതുവരെയും റവന്യൂ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ലാത്തതിനാൽ നിർമ്മാണ പ്രവർത്തികളൊന്നും ആരംഭിച്ചിട്ടില്ല.<br><br>കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ ചീമേനി വില്ലേജിൽ 100 ഏക്കർ ഭൂമി KSITIL ന് കൈമാറുന്നതിന് ഉത്തരവായെങ്കിലും പ്രസ്തുത ഉത്തരവിൽ ഭൂമിയുടെ സർവ്വേ നമ്പരിലുള്ള പിശക് മൂലം ഇത് തിരുത്തികിട്ടുന്നതിന് വേണ്ട നടപടികൾ നടന്നുവരികയാണ്. ആയതിനാൽ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനും മറ്റ് നിർമ്മാണ പ്രവർത്തികൾ തുടങ്ങുന്നതിനും സാധിച്ചിട്ടില്ല. |
| ബി) പ്രസ്തുത ഐ.ടി. പാർക്കുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡിൽ നിന്നും വായ്പ സഹായത്തിനായി അപേക്ഷിച്ചിരുന്നോ ; എങ്കിൽ അപേക്ഷിച്ചത് എന്നായിരുന്നുവെന്നും ഇക്കാര്യത്തിൽ നബാർഡിൽ നിന്നും എന്ത് സഹായം ലഭ്യമായെന്നും വ്യക്തമാക്കാമോ ; | ബി) കണ്ണൂരും കാസർഗോഡും ഐ.ടി. പാർക്കിനായി നബാർഡിൽ നിന്നും ധനസഹായത്തിന് അപേക്ഷിച്ചിരുന്നു. 1.8.2011 നാണ് ധനസഹായത്തിന് നബാർഡിലേയ്ക്ക് അപേക്ഷ സമർപ്പിച്ചത്. 9.2.2012 ന് കാസർഗോഡ് സൈബർപാർക്കിനും 22.3.2012 ന് കണ്ണൂർ സൈബർപാർക്കിനും 21.40 കോടി രൂപ വീതം ലോൺ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത ഐ.ടി. പാർക്കുകൾക്ക് സെസ്സ് അംഗീകാരം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | സി) | കണ്ണൂർ സൈബർപാർക്കിന് സെസ്സ് പദവി ലഭിച്ച് 3 വർഷം കഴിഞ്ഞിട്ടും നിർമ്മാണ പ്രവർത്തികൾ തുടങ്ങാത്ത സാഹചര്യത്തിൽ കാലാവധി ദീർഘിപ്പിച്ചു കിട്ടുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കാസർഗോഡ് ഐ.ടി. പാർക്കിന്റെ സ്ഥലകൈമാറ്റ ഉത്തരവിലെ സർവ്വെ നമ്പരിലുള്ള തെറ്റ് തിരുത്തികിട്ടിയതിന് ശേഷം മാത്രമേ സെസ്സ് അപേക്ഷ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. |
| ഡി) | പ്രസ്തുത പാർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ? | ഡി) | 2014 മാർച്ച് മാസത്തോടുകൂടി ആദ്യകെട്ടിടത്തിൽ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

Rahul . K. Jaiswal

സെക്ഷൻ ഓഫീസർ